ശ്രീ. ഇ എം. ശങ്കരൻനമ്പൂതിരിപ്പാട് : അതു അന്വേഷിക്കാവുന്ന ഒരു സ്ഥിതിയുണ്ടെങ്കിൽ അന്വേഷിക്കാം.

ശ്രീ. ഒ. കോരൻ : ഇതുപോലെയുള്ള ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റു ഒരു അഖിലേന്ത്യാ പാറ്റേൺ ഉണ്ടാക്കി അതു എല്ലാ സംസ്ഥാനവും അതേപടി നടപ്പു ക്കണമെന്നുപറയുന്നതു അപ്രായോഗിക മാകയാൽ, ഒരോ സംസ്ഥാനത്തിനും യോജിച്ച പാറ്റേൺ സ്വീകരിക്കാൻ അനുവദിക്കേണ്ടതല്ലേ ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : അതു മനസ്സിലാക്കിയിട്ടാണ് നേരത്തെ ഞാൻ മറുപടി പറഞ്ഞത്.

ശ്രീ. എ. വി. കുര്യൻ : സോഷ്യൽവെൽഫെയർ ബോർഡിന്റെ പ്രവർത്തനം അഖിലേൻഡ്യാടിസ്ഥാനത്തിൽ നടത്തണമെന്നുപറയുമ്പോഴും, വ്യവസായ വിഹിതം നൽകുന്ന കാര്യത്തിൽ കേന്ദ്രത്തിന് ഒരു അഖിലേന്ത്യാനയം ഉണ്ടോ ; കേരളത്തെ അവഗണിക്കുകയല്ലേ ചെയ്യുന്നത് ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : ഈ ചോദ്യവുമായിട്ടു ബന്ധപ്പെട്ട കാര്യമാണോ എന്നു സംശയമുണ്ട്.

ശ്രീ. പി. കുഞ്ഞൻ : കേന്ദ്ര ഗവൺമെന്റു നേരിട്ടു ഗ്രാന്റുകൊടുക്കുന്ന സംഘടനകളുടെ ഡയറക്ടർമാരും, ചെയർമാൻമാരും ആരെല്ലാമാണെന്നറിയാമോ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : ചോദ്യത്തിന്റെ ആദ്യഭാഗത്തിനു ഞാൻ ഉത്തരം പറയേണ്ടതല്ല ; രണ്ടാമത്തെ ഭാഗം ഗവൺമെന്റിനറിവില്ല.

പോലീസ് ഉദ്യോഗസ്ഥൻമാരുടെ റേറ്റ്. എ. ഡി. എ. മുതലായവ

* 892. [1260] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഡിപ്പാർട്ടുമെന്റിൽ ലോക്കൽ പോലീസ് കാൺസ്റ്റബിൾ, ഹെഡ്കാൺസ്റ്റബിൾ, സബ്ഇൻസ്പെക്ടർ എന്നിവർക്ക് നൽകുന്ന റേറ്റ്.എ.' 'ഡി.എ.' ശമ്പളം എന്നിവയും എസ്. എ. പി., എം. എസ്. പി. എന്നിവയിലെ ഇതേഗ്രേഡിലുള്ള ഉദ്യോഗസ്ഥൻമാർക്ക് നൽകുന്ന റേറ്റ്. എ., ഡി.എ., ശമ്പളം എന്നിവയും തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏവ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്) :

(എ) ലോക്കൽ പോലീസിലെ, സബ് ഇൻസ്പെക്ടർമാർ, ഹെഡ് കാൺസ്റ്റബിൾമാർ, പോലീസ് കാൺസ്റ്റബിൾമാർ എന്നിവർ മാസത്തിൽ വാങ്ങാവുന്ന ടി. എ. യുടെ ഉപരിപരിധി നിർണ്ണയിച്ചിട്ടുണ്ട്. എസ്. എ. പി. എം. എസ്. പി. എന്നീ വിഭാഗങ്ങളിലെ ഇതേഗ്രേഡിലുള്ള ഉദ്യോഗസ്ഥൻമാർക്ക് മാസത്തിൽ വാങ്ങാവുന്ന ടി. എ. ക്ക് ഉപരിപരിധി നിർണ്ണയിച്ചിട്ടില്ല.

(ബി) റിസർവ്വ് അലവൻസ് എന്നപേരിൽ, യഥാക്രമം 20 രൂപ, 4 രൂപ, 2 രൂപ എന്ന തോതിൽ സബ് ഇൻസ്പെക്ടർമാർ, ഹെഡ് കാൺസ്റ്റബിൾമാർ, പോലീസ് കാൺസ്റ്റബിൾമാർ എന്നിവരുടെ ഗ്രേഡിൽ, എം. എസ്. പി.,

LIBRARY ARCHIVES Kerala Legislative Assembly

എസ്. എ. പി. എന്നീ വിഭാഗത്തിലെ ഉദ്യോഗസ്ഥൻമാർക്ക് നൽകുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള ഒരു അലവൻസ് ലോക്കൽ പോലീസ് വിഭാഗത്തിന് നൽകുന്നില്ല.

മുകളിൽ പറഞ്ഞ വ്യത്യാസം ഒഴിച്ചാൽ, ലോക്കൽ പോലീസിലെ സബ് ഇൻസ്പെക്ടർ, ഹെഡ് കോൺസ്റ്റബിൾമാർ, പോലീസ് കോൺസ്റ്റബിൾമാർ എന്നവർക്ക് ലഭിക്കുന്ന ടി. എ., ഡി. എ., ശമ്പളം ഇവ എസ്. എ. പി., എം. എസ്. പി. എന്നീ വിഭാഗത്തിലെ ഇതേ ശ്രേഢിയിലുള്ളവർക്കു നൽകുന്നതു പോലെയാണ്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : ഈ വ്യത്യാസത്തിനു കാരണമെന്താണ് ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : ലോക്കൽ പോലീസിന് സാധാരണമായി അവരുടെ ഡ്യൂട്ടിക്ക് യാത്ര ചെയ്യണ്ടതായിട്ടുവരും. ആംഡ് റിസർവ്വ് പോലീസിന് അങ്ങനെ യാത്ര ചെയ്യണ്ടതായി വരികയില്ല. അതുകൊണ്ട് യാത്രപ്പടി ഒരു മാസത്തിൽ ഇത്രവരെ മാത്രമേ ആകാവു എന്നൊരു സീലിംഗ് നിശ്ചയിച്ചിട്ടുണ്ട്. ആംഡ് റിസർവ്വിന് യാത്ര ചെയ്യണ്ടി വരുമ്പോൾ നിയമപ്രകാരം ടി. എ. വാങ്ങാനുള്ള വ്യവസ്ഥ ചെയ്തിരിക്കുകയാണ്. അവർക്ക് സീലിംഗ് നിശ്ചയിച്ചിട്ടില്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : ഇപ്പോഴും അനുഭവിച്ചിട്ടുണ്ടെന്നു പറയുന്ന ആനുകൂല്യങ്ങളൊന്നും പലതും അവർക്ക് കിട്ടുന്നില്ലെന്നു പരാതിയുണ്ട്. ടി. എ. ലഭിക്കുന്നില്ല, അനുവദിച്ചിട്ടുള്ള ലീവുകിട്ടുന്നില്ല, യഥാസമയം ആഹാരം ലഭിക്കുന്നില്ല, ഓവർടൈം ജോലി ചെയ്തതിൽ അലവൻസ് കിട്ടുന്നില്ല. ഇത്തരത്തിലുള്ള വിപുലമായ പരാതി പോലീസ് ക്യാമ്പുകളിലുണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചില ക്യാമ്പുകളും സന്ദർശിച്ചു പരാതികളും കേൾക്കുന്നതായിട്ടു മനസ്സിലാക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് ക്യാമ്പുകളിലും മുഖ്യമന്ത്രി വിസിറ്റുനടത്തി പോലീസുകാരുടെ പരാതികളും നേരിട്ടുകേൾക്കുന്നതിനും പരിഹാരം ഉണ്ടാക്കുന്നതിനും സന്നദ്ധത പ്രകടിപ്പിക്കുമോ ?

ശ്രീ. ഇ എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഈ ചോദ്യവുമായി ബന്ധപ്പെട്ടതാണോ എന്നറിയില്ല. അത് ചക്രവാളത്തോളം വലിപ്പമുള്ളതാണ്. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നങ്ങളും മുഴുവനും ഞാൻ മനസ്സിലാക്കുന്നുണ്ട്. എല്ലാ ക്യാമ്പുകളിലും പോകുക അത്ര പ്രായോഗികമാകുമോ എന്നറിഞ്ഞുകൂടാ. എല്ലാ ക്യാമ്പുകളിലും പോകാതെ തന്നെ ഇവിടെ ഇരിക്കുമ്പോഴും പല സ്ഥലങ്ങളിലും സർക്കീട്ടു പോകുമ്പോഴും നേരിടുന്ന വിഷമങ്ങളും പോലീസ് ഉദ്യോഗസ്ഥൻമാർ എന്നെ വന്നു കണ്ട് പറയാറുണ്ട്. ഞാൻ അവരുമായി സംസാരിക്കാറുണ്ട്. അങ്ങനെ മനസ്സിലാക്കിയിട്ടുള്ള അവരുടെ പ്രശ്നങ്ങൾക്ക് ചെയ്യാവുന്നതെല്ലാം ചെയ്തിട്ടുണ്ട്. ചില വ്യവസ്ഥകളിൽ ചില്ലറ മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. ഒന്നും കിട്ടാറില്ല എന്നു പറയുന്നത് ശരിയല്ല.

ശ്രീ. കെ. ഐ. രാജൻ : പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പല അലവൻസുകളും നൽകുന്നുണ്ട്. ഒരേ സമയത്ത് ജോലി ചെയ്യുന്ന ഒരു വിഭാഗത്തിന് കൊടുക്കുകയും മറ്റൊരുവിഭാഗത്തിന് അത് കൊടുക്കാതിരിക്കുകയും ചെയ്യുന്നത്, ആ പൊരുത്തക്കേടിന് മാറ്റമുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ എം. ശങ്കരൻ നമ്പൂതിരിപ്പാട് : ചക്രവാളം കുറെ കൂടി വലുതായി.

ശ്രീ. വി. വി. കുഞ്ഞാമ്പു : യാത്രാബത്തയ്ക്ക് ഉപരിപരിധി നിശ്ചയിച്ചിട്ടുള്ളതിൽ പല പ്രശ്നങ്ങളും നോക്കേണ്ടതുണ്ടെന്ന് പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ; ഉപരിപരിധി എന്നുള്ള ഏർപ്പാട് പോലീസ് വകുപ്പിൽ മാത്രം ഉള്ളതല്ല. ഗവൺമെന്റ് വകുപ്പുകൾക്കെല്ലാം ഉള്ളതാണ്. യാത്ര ചെയ്യുന്നതിനും യാത്രപ്പടി വാങ്ങുന്നതിനും എല്ലാം തന്നെ നിയന്ത്രണം ഉണ്ടാക്കണമെന്നുള്ള അഭിസ്ഥാനത്തിൽ ചെയ്യുന്ന കാര്യങ്ങളാണ്. ഈ ഉപരിപരിധി നിശ്ചയിച്ചു എന്നുള്ളതിന്റെ അർത്ഥം ആ പരിധിയെക്കാൾ കൂടുതൽ ആവശ്യമുള്ള യാത്ര ചെയ്യുന്നതിന് ബന്ധപ്പെട്ട മേലധികാരികളുടെ നിർദ്ദേശവും ആവശ്യവും അനുസരിച്ച് യാത്ര ചെയ്യുകയാണെങ്കിൽ അത്തരം കേസുകളിൽ എക്സംപ്ഷൻ കൊടുക്കുന്നതിനുവേണ്ടിയാണ്.

ശ്രീ. എ. വി. ആര്യൻ ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർക്കീട്ട് പോകുന്ന അവസരത്തിൽ ചില സ്ഥലങ്ങൾ സന്ദർശിക്കുമെന്ന് പറയുകയുണ്ടായി. അങ്ങനെ പോകുന്ന അവസരത്തിൽ കാര്യങ്ങൾ മന്ത്രിയോട് തുറന്നു പറഞ്ഞാൽ മന്ത്രി സ്ഥലം വിട്ടാൽ കാര്യങ്ങൾ തുറന്നു പറഞ്ഞ ഉദ്യോഗസ്ഥൻമാരുടെ മേൽ ശിക്ഷണ നടപടികൾ ഉണ്ടാകും. അതുകൊണ്ട് നിയമപരമായി ഇപ്രകാരം തുറന്നു പറയുവാൻ സാദ്ധ്യതയുണ്ടാക്കുകയാ, ശിക്ഷണ നടപടികൾ ഉണ്ടാക്കിയാൽ അത് റദ്ദു ചെയ്യുകയോ ചെയ്യുന്നതാണ്. അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : അങ്ങനെ ചില പരാതികൾ കിട്ടിയതായി ഓർക്കുന്നുണ്ട്. നടപടി എടുക്കുന്നുണ്ട്.

ശ്രീ. കെ. കരുണാകരൻ: ഉദ്യോഗസ്ഥൻമാർ കൂടുതൽ ചെലവുചെയ്താൽ സ്പെഷ്യൽ സാംഗ്ഷൻ കൊടുക്കാമെന്നു പറഞ്ഞു. കേസു ചാർജ്ജു ചെയ്യുന്നതിന്റെ ഫലമായിട്ടു കേസിലെ സാക്ഷി എന്നുള്ള നിലയിൽ കോടതിയിലും മറ്റും പോകേണ്ട അവസരത്തിൽ അപ്പർ ലിമിറ്റിനെക്കാൾ കൂടുതൽ ഡി. എ. അനുവദിക്കുന്നില്ല എന്നുള്ള കാര്യം അറിയാമോ ?

ശ്രീ. ഇ. എം ശങ്കരൻ നമ്പൂതിരിപ്പാട് : അങ്ങനെയൊന്നും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. കെ. കരുണാകരൻ : അടുത്തകാലത്തായി ടി. എ., ഡി. എ. വർദ്ധിപ്പിച്ചിട്ടുള്ളതനുസരിച്ച് അപ്പർ ലിമിറ്റു വർദ്ധിപ്പിക്കാത്തതുകൊണ്ട് അതിന്റെ ഗുണം കിട്ടുന്നില്ല എന്നതിൽ പരാതി ഉണ്ടോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : എന്റെ ഓർമ്മ ശരിയാണെങ്കിൽ ഉപരിപരിധിയുടെ തോതുതന്നെയും വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. ബി. മാധവൻ നായർ : അനുവദിച്ചിട്ടുള്ള ടി. എ. യും ഡി. എ യും കൃത്യ സമയത്ത് പോലീസുകാർക്കു കിട്ടുന്നില്ല. മൂന്നു നാലു മാസം കഴിഞ്ഞിട്ടാണ് കിട്ടുന്നത്. ഇതുമൂലം അവർ ഒരുപാടധികം ക്ലേശം സഹിക്കുന്നു എന്നുള്ളതു പരിഗണിച്ചു കൃത്യ സമയത്തുതന്നെ ഇതു കൊടുക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : എല്ലാ പോലീസുകാരെ സംബന്ധിച്ചും താമസം വന്നിട്ടുണ്ടോ എന്നുള്ളതു സംശയമാണ്. ചിലർക്കു ചില താമസം വന്നിട്ടുണ്ടായിരിക്കാം. അതുണ്ടെങ്കിൽ പരിശോധിക്കാം. അതല്ല, എല്ലായിടത്തുമുള്ള പൊതു ഏർപ്പാടാണെന്നു എന്നെ ബോദ്ധ്യപ്പെടുത്തിയാൽ ഞാൻ വേണ്ട നടപടികളും എടുക്കാം.

ശ്രീ. ടി. എ. മജീദ് : എസ്. എ. പി. യിലുള്ളവരെ ലോക്കൽ സർവ്വീസിലേക്ക് മാറ്റുവാൻ ശ്രമിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : എം. എസ്. പി., എസ്. എ. പി. ഇവയുടെ കഴിവുകളും അനുസരിച്ചും വയസ് ഇവയെല്ലാം കണക്കാക്കി ആംഡ് റിസർവ്വിലേക്ക് എടുക്കും. ആംഡ് റിസർവ്വിൽനിന്നും ലോക്കൽ പോലീസിലേക്ക് എടുക്കും.

ശ്രീ ഇ ചന്ദ്രശേഖരൻ നായർ : ടി. എ. യ്ക്കു വച്ചിട്ടുള്ള സീലിംഗു കൊണ്ട് കംപൽസറിയായിട്ടു പ്രാവൽ ചെയ്യണമെന്നുള്ളതുപോലെ അപര്യാപ്തമായിരിക്കുന്നതുകൊണ്ട് കുറച്ചുകൂടി കൂട്ടി സീലിംഗ് വയ്ക്കുവാൻ ഏർപ്പാട് ചെയ്യുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഈ ആക്ഷേപം ശരിയാണെങ്കിൽ പരിശോധിക്കുന്നതാണ്. ടി. എ. നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനം തന്നെ യാത്രചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്ക് കൈയ്യാൽ ചെലവു കുന്നതു ഗവൺമെന്റ് ഈ ഇംബേഴ്സ് ചെയ്യണമെന്നാണ്. നഷ്ടം വരുകയാണെങ്കിൽ അതു ഒഴിവാക്കണമെന്നു ചില ജോലിക്കാർക്കു ടി. എ, ഡി. എ. വ്യത്യാസം വരുത്തിയിട്ടുണ്ട്. അതു അതിന്റെ മാനദണ്ഡം അനുസരിച്ചാണ്. അല്ലാതെ ഇതൊരു ലാഭക്കച്ചവടമാക്കിയിട്ടല്ല. ലോക്കൽ പോലീസുകാർക്ക് ഇത്ര വാങ്ങാം, ആംഡ് റിസർവ്വിനു ഇത്ര വാങ്ങാം, എന്നു വച്ചിട്ടുള്ളത് യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്ക് കയ്യിൽനിന്നും നഷ്ടം ഉണ്ടാകാൻ പാടില്ല എന്നുവച്ചാണ്. അതേയവസരത്തിൽ അതൊരു ലാഭക്കച്ചവടമായി മാറാനും പാടില്ല. അതിന് ആവശ്യമായ വ്യത്യാസം വരുത്തണമെന്നുണ്ടെങ്കിൽ പരിശോധിക്കാം.

ശ്രീ കെ ടി. ജോർജ്: കേന്ദ്ര ഡി. എ. കൊടുക്കുന്നതിനു അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ ? പോലീസുകാർ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കും കേന്ദ്ര ഡി. എ. ഉടനടി കൊടുക്കുവാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഡി. എ., ടി. എ. എന്നുള്ള അക്ഷരത്തിൻമേൽ മെമ്പർക്കു സ്ഥലജലഭ്രാന്തിയുണ്ടായിരിക്കുകയാണ്.

ശ്രീ. കെ. ടി. ജോർജ് : സ്ഥലജലഭ്രാന്തിയൊന്നുമല്ല. പോലീസുകാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാരുടെ ടി. എ യെപ്പറ്റിയും, ഡി. എ യെപ്പറ്റിയുമാണ് ചോദ്യം. അതിൻമേൽ എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : മെമ്പർ ചോദിക്കുന്നത് ഡീയർനസ് അലവൻസിനെപ്പറ്റിയാണ്. ഇപ്പോൾ പറഞ്ഞിട്ടുള്ള ഡി. എ. എന്നത് ഡെയിലി അലവൻസാണ്. അതാണ് ഞാൻ പറഞ്ഞത് സ്ഥലജലഭ്രാന്തി വന്നിരിക്കുകയാണെന്ന്.

ശ്രീ. കെ. ടി. ജോർജ് : ഡീയർനസ് അലവൻസ് പോലീസുകാരെ സംബന്ധിച്ചിടത്തോളവും പ്രസക്തമായിരിക്കേ കേന്ദ്ര നിരക്കിലുള്ള ഡി. എ. കൊടുക്കുന്നതിനു തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : അതു ഈ ചോദ്യത്തിൽ വരുന്നതല്ല എങ്കിലും മെമ്പറുടെ ജിജ്ഞാസ ശമിപ്പിക്കുന്നതിനുവേണ്ടി അവസാന തീരുമാനം എടുത്തിട്ടില്ല എന്നറിയിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പോലീസുകാരെ സംബന്ധിച്ചിടത്തോളം അവർക്കു മുമ്പുണ്ടായിരുന്ന ഇത്ര ടി. എ. യ്ക്ക് ഇത്രമാത്രം ട്രാവൽ ചെയ്തിരിക്കണമെന്നു വ്യവസ്ഥയുണ്ട്. അതിൽ കുറച്ചു മാറ്റം വരുത്തുവാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ. എം ശങ്കരൻ നമ്പൂതിരിപ്പാട് : അങ്ങനെ വല്ലതും ഉണ്ടെങ്കിൽ പരിശോധിക്കാവുന്നതാണ്.

എഫ്. ഐ. ആർ. സ്റ്റേറേജിൽ ഇരുന്നതും, ചാർജ് ചെയ്തതുമായ ക്രിമിനൽ കേസുകൾ

* 893. ['26'] ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

1968-69 വർഷത്തിൽ സ്റ്റേറേറിലെ കോടതികളിൽ എഫ്. ഐ. ആർ. സ്റ്റേറേജിൽ ഇരുന്നതും, ചാർജു ചെയ്തതുമായ എത്ര ക്രിമിനൽ കേസുകൾ പിൻവലിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്): വിവരം ശേഖരിച്ചു വരുന്നു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ധനുവച്ചപുരം എൻ. എസ്. എസ്. കോളേജ് പ്രിൻസിപ്പൽ ശ്രീ. ചന്ദ്രശേഖരൻ നായരെ കയ്യേറ്റം ചെയ്തതു സംബന്ധിച്ചെടുത്തിരുന്ന കേസ് മാർക്സിസ്റ്റുകാർ ഇടപെട്ട് റഫർ ചെയ്തു കളയുകയുണ്ടായില്ലേ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഇതുപോലെ എത്രയോ ചോദ്യം ചോദിക്കാം. എനിക്ക് ഉത്തരം പറയാൻ പറ്റുകയില്ല.

ശ്രീ. കെ. ടി. ജോർജ് : എന്തെങ്കിലും തത്വത്തിന്റെ അടിസ്ഥാനത്തിലാണോ കേസുകൾ പിൻവലിക്കുന്നത്. അതോ അതാത് സാഹചര്യങ്ങൾ നോക്കിയിട്ടാണോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ചില തത്വങ്ങളുടെ അടിസ്ഥാനത്തിൽ സാഹചര്യം നോക്കിയിട്ടാണു പിൻവലിക്കുന്നത്.

ശ്രീ. കെ. ടി. ജോർജ് : മോഷണം, കൊലപാതകശ്രമം, മാരകമായ പരുക്കേൽപ്പിക്കുക എന്നു തുടങ്ങിയ കുറ്റങ്ങൾക്ക് കേസുകൾ ചാർജു ചെയ്തശേഷം മാർക്സിസ്റ്റുകാരാണെന്നുള്ള കാരണംകൊണ്ട് പിൻവലിച്ചിട്ടില്ല ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഞാനതു നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly